നഗരങ്ങളുടെ മാസ്റ്റർ പ്ലാൻ

117(325) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങൾക്ക് നിലവിൽ മാസ്റ്റർ പ്ലാൻ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കാലപ്പഴക്കം ചെന്ന മാസ്റ്റർപ്ലാൻ പരിഷ്കരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) കൊച്ചി നഗരത്തിന്റെ മാസ്റ്റർപ്ലാൻ എന്ന് തയ്യാറാക്കിയതാണെന്ന് വ്യക്തമാക്കുമോ ; ഈ നഗരത്തിന്റെ മാസ്റ്റർപ്ലാനിൽ കാലോചിതമായ മാറ്റം വരുത്തേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, നെയ്യാറ്റിൻകര, കൊല്ലം, പരവൂർ,കോട്ടയം, വൈക്കം, ചങ്ങനാശ്ശേരി, ഇടുക്കി ടൗൺഷിപ്പ് പ്രദേശം, കൊച്ചി സെൻട്രൽ സിറ്റി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്,വടകര, തലശ്ശേരി എന്നീ നഗരങ്ങൾക്കും,കോവളം-വിഴിഞ്ഞം, തിരുവനന്തപുരം, മെഡിക്കൽ കോളേജ്, കോട്ടയം മെഡിക്കൽ കോളേജ്, വെള്ളൂർ-മുളംകുളം എന്നീ പ്രദേശങ്ങൾക്കും സർക്കാർ അംഗീകൃത മാസ്റ്റർ പ്ലാനുകൾ നിലവിലുണ്ട്. കൂടാതെ തിരുവനന്തപുരം(റിവൈസ്ഡ് മാസ്റ്റർ പ്ലാൻ), പത്തനംതിട്ട,ആലപ്പുഴ,കായംകുളം,പാലക്കാട്,പെരുമ്പാവൂർ എന്നീ നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകളുടെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കൊച്ചി നഗരത്തിന്റെ മാസ്റ്റർ പ്ലാൻ, 'Structure Plan for Central city, Kochi,' 'G.O.(Ms) No.103/91/LAD dt.20/03/1991' പ്രകാരം അംഗീകരിച്ചിട്ടുള്ളതും G.O.(Ms) No.79/99/LAD dt.13/04/1999 പ്രകാരവും G.O.(Ms) No.143/07/LSGD dt.31/05/2007പ്രകാരവും പരിഷ്കരിച്ചിട്ടുള്ളതുമാണ്.

1991-ൽ തയ്യാറാക്കിയ "Structure Plan for Central city, Kochi,"-ക്ക് കാലോചിതമായ മാറ്റം വരുത്തേണ്ടതായുണ്ട്. അതിനാൽ, കൊച്ചി നഗരത്തെയും സമീപത്തെ പതിനഞ്ചു തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി തയ്യാറാക്കിയ 'Devolopment Plan for Kochi city Region 2031'-ന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly